DESPATCHED
Date
25/3/26

ഭരണഭാഷ-മാതൃഭാഷ

**സ്റ്റേഷനറി കൺട്രോളറുടെ നടപടി ഉത്തരവ്**

വിഷയം:- സ്റ്റേഷനറി വകുപ്പ് -സ്ഥാപന വിഭാഗം - സ്റ്റേഷനറി ആസ്ഥാന കാര്യാലയത്തിലെ നൈറ്റ് വാച്ചർ ശ്രീ.സുമേഷ് റ്റി.എസ്- നെ സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :- 1. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ജില്ലാ ആഫീസറുടെ 22/06/2015 ലെ ARI (2) 928/2010- (14) നമ്പർ അഡ്വൈസ്.

2.സ്റ്റേഷനറി കൺട്രോളറുടെ 03/07/2015 ലെ 15167/ഇ4/2014/സ്റ്റേ നമ്പർ നിയമന മെമ്മോ.

3. സർക്കാർ ഉത്തരവ് (പി) നമ്പർ 656/2012/ധന തീയതി 01/12/2012.

4. സ്റ്റേഷനറി കൺട്രോളറുടെ 25/07/2015 ലെ 9300/ഇ3/2015 നമ്പർ നടപടി ഉത്തരവ്.

5.സ്റ്റേഷനറി കൺട്രോളറുടെ 17/07/2020 ലെ 556/ഇ4/2020 നമ്പർ നടപടി ഉത്തരവ്.

6.സ്റ്റേഷനറി കൺട്രോളറുടെ 11/12/2025 ലെ STY/556/2020-E4 നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

**ഉത്തരവ് നമ്പർ STY/556/2020-E4** 25-03-2026

തിരുവനന്തപുരം സ്റ്റേഷനറി ആസ്ഥാന കാര്യാലയത്തിലെ നൈറ്റ് വാച്ചർ ആയിരുന്ന ശ്രീ. സുമേഷ് റ്റി.എസ് - ന് സൂചന 4,5 ഉത്തരവുകൾ പ്രകാരം 27/07/2015 മുതൽ 26/07/2020 വരെ 5 വർഷത്തേയ്ക്കും, 27/07/2020 മുതൽ 26/07/2025 വരെ 5 വർഷത്തേയ്ക്കും കേരള സർവ്വീസ് റൂൾ അനുബന്ധം XII A അനുശാസിക്കുന്ന ചട്ടങ്ങൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ചിരുന്നു. പ്രസ്തുത ശൂന്യവേതനാവധി 26/07/2025 ൽ അവസാനിച്ചതിനുശേഷം അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന ശ്രീ.സുമേഷ് റ്റി.എസ് -ന് കാരണം കാണിക്കൽ നോട്ടീസ് അയച്ചിരുന്നു. എന്നാൽ പ്രസ്തുത കാണിക്കൽ നോട്ടീസ് കൈപ്പറ്റാൻ ആളില്ലാതെ തിരികെ ലഭിക്കുകയുണ്ടായി.ഇതേത്തുടർന്ന് 25/01/2026 ലെ ദേശാഭിമാനി, മാധ്യമം എന്നീ ദിനപത്രങ്ങളിൽ പരസ്യവും നൽകിയിരുന്നു.എന്നാൽ ഇക്കാര്യത്തിൽ യാതൊരു പ്രതികരണവും ശ്രീ.സുമേഷ് റ്റി.എസ് -ൽ നിന്ന് ലഭിച്ചിട്ടില്ല.

ആയതിനാൽ ഈ വിഷയത്തിൽ യാതൊരു പ്രതിവാദവും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ , ശ്രീ. സുമേഷ്. റ്റി. എസ് നെ കേരള സിവിൽ സർവീസ് (classification control &Appeal )Rule 1960 Apendix XII A (9) പ്രകാരം സർവീസിൽ നിന്നും നീക്കം ചെയ്ത് കൊണ്ട് ഉത്തരവാകുന്നു.

CONTROLLER OF STATIONERY

സ്വീകർത്താവ് ,

Sri.Sumesh T.S,
Sumesh Bhavan,
Sanathanapuram P.O,
Kalar Code, Alappuzha 688 003.

പകർപ്പ് :

1. സെക്രട്ടറി,കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
2. ഡെപ്യൂട്ടി സ്റ്റേഷനറി കൺട്രോളർ, ഭരണം
3. കൺട്രോളറുടെ സി.എ
4. സ്റ്റോക്ക് ഫയൽ

ഭരണഭാഷ – മാതൃഭാഷ

നം. STY/556/2020-E4

സ്റ്റേഷനറി കൺട്രോളറുടെ കാര്യാലയം,
തിരുവനന്തപുരം - 695 033,
ഫോൺ നമ്പർ 0471-2703340
stationerycontroller@gmail.com
16-01-2026

## അനുബന്ധം H4 നോട്ടീസ്

****************

സ്റ്റേഷനറി കൺട്രോളറുടെ ആസ്ഥാന കാര്യാലയത്തിലെ നൈറ്റ് വാച്ചറായ ശ്രീ.സുമേഷ് റ്റി.എസ് എന്ന താങ്കളെ അറിയിക്കുന്നതെന്തെന്നാൽ, ഈ ഓഫീസ് ഫയൽ നമ്പർ STY/556/2020/E4 തീയതി 11/12/2025 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് താങ്കൾ ഈ ആഫീസിൽ നൽകിയിട്ടുള്ള വിലാസത്തിൽ അയച്ച നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം ടി കാരണം കാണിക്കൽ നോട്ടീസിന് , എഴുതി തയ്യാറാക്കിയ മറുപടി/വിശദീകരണം/എതിർവാദ പത്രിക1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം താങ്കൾക്കെതിരെ ടി വിഷയത്തിൽ അച്ചടക്ക നടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ആയതിനുള്ള കാരണമാണ് നൽകേണ്ടിയിരുന്നത്. എന്നാൽ പ്രസ്തുത കാരണം കാണിക്കൽ നോട്ടീസ് അടങ്ങിയ പോസ്റ്റൽ കവർ താങ്കൾ കൈപ്പറ്റിയിട്ടില്ല എന്ന കാരണത്താൽ പോസ്റ്റൽ കവർ വിതരണം ചെയ്യാതെ തപാൽ അധികാരികൾ ഈ കാര്യാലയത്തിലേയ്ക്ക് മടക്കി നൽകിയിട്ടുണ്ട്. ആയതിനാൽ ഈ അറിയിപ്പ് പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം താങ്കൾക്കെതിരെ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങളിൽമേൽ രേഖാമൂലമുള്ള മറുപടി ഈ കാര്യാലയത്തിൽ നൽകേണ്ടതാണ്. അല്ലാത്ത പക്ഷം താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. താങ്കൾക്കെതിരെയുള്ള കാരണം കാണിക്കൽ നോട്ടീസിന്റെ പൂർണ്ണരൂപം തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്റ്റേഷനറി കൺട്രോളറുടെ ആസ്ഥാന കാര്യാലയത്തിലെ പ്രവൃത്തി സമയങ്ങളിൽ മുൻകൂർ അപേക്ഷ നൽകുന്ന പക്ഷം താങ്കൾ നൽകുന്ന വിലാസത്തിൽ വിശദീകരണം നൽകുന്നതിനുള്ള കാലയളവിന് മുമ്പായി അയച്ചുനൽകുന്നതാണ്.

THE CONTROLLER OF STATIONERY * O/O * THIRUVANANTHAPURAM *

CONTROLLER OF STATIONERY
**MARY MARGRET PRAKASIA**
PEN No. 214302
Controller of Stationery
Thiruvananthapuram-695033.

സ്വീകർത്താവ്

Sri. Sumesh T.S,
Sumesh Bhavan,
Sanathanapuram P.O,
Kalar code,
Alappuzha 688 003.